# ലോഗോസ് ക്വിസ് 2017

## ലഘുപഠനം

# സുഭാഷിതങ്ങൾ

സുഭാഷിതഗ്രന്ഥത്തിന്റെ ആദ്യ ഇരുപത് അധ്യായങ്ങൾ 2015, 2016 വർഷങ്ങളിലെ ലോഗോസ് ക്വിസിനായി നാം ഒരുങ്ങിയതാണ്. തുടർന്നുള്ള പതിനൊന്ന് അധ്യായങ്ങളാണ് (അധ്യാ. 21-31) 2017-ലെ ക്വിസിനുള്ള പഠനഭാഗം. 2015-ൽ ഈ ഗ്രന്ഥത്തിനു നൽകിയ ലഘുപഠനത്തിൽ ഗ്രന്ഥ ഘടനയെക്കുറിച്ചുള്ള വിശദീകരണത്തിൽ സുഭാഷിതഗ്രന്ഥത്തിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന ഏഴു പ്രബോധനസമാഹാരങ്ങളെക്കുറിച്ചു നാം പറഞ്ഞിരുന്നു. അവ ഒരിക്കൽക്കൂടി ഈ പഠനത്തിന് ആമുഖമായി നൽകുകയാണ്.

**സുഭാഷിതഗ്രന്ഥത്തിലെ വിവിധ സമാഹാരങ്ങളും അവയുടെ ശീർഷകങ്ങളും**

1. 1:1-9:18 -ദാവീദിന്റെ മകനും ഇസ്രായേൽ രാജാവുമായ സോളമന്റെ സുഭാഷിതങ്ങൾ
2. 10:1-22:16 -സോളമന്റെ സുഭാഷിതങ്ങൾ
3. 22:17-24:22 -ജ്ഞാനികളുടെ ആപ്തവാക്യങ്ങൾ
4. 24:23-34 -ഇനിപ്പറയുന്നവയും ജ്ഞാനികളുടെ സൂക്തങ്ങളാണ്
5. 25:1-29:27 -യൂദാരാജാവായ ഹെസക്കിയായുടെ ആളുകൾ പകർത്തിവച്ച സോളമന്റെ സുഭാഷിതങ്ങളാണ് താഴെപ്പറയുന്നവയും
6. 30:1-34 -മാസ്സായിലെ യാക്കേയുടെ മകനായ ആഗൂറിന്റെ വാക്കുകൾ
7. 31:1-31 -മാസ്സാരാജാവായ ലെമുവേലിന്റെ സൂക്തങ്ങൾ

ഈ ഘടനയനുസരിച്ച് രണ്ടാം സമാഹാരത്തിന്റെ അവസാനത്തിലെത്തിനിൽക്കുകയാണു നാം. അതിലെ 21:1-22:16 കൂടി ഈവർഷത്തെ പഠനഭാഗത്തുൾപ്പെടുത്തിയിട്ടുണ്ട്. ഇതുകൂടാതെ അഞ്ചു ചെറുസമാഹാരങ്ങളും കൂടി നമുക്കു പഠിക്കേണ്ടതായിട്ടുണ്ട്.

നാം നേരത്തെ കണ്ടതുപോലെ, പല വ്യക്തികൾ സമാഹരിച്ച സൂക്തങ്ങൾ ഒരുമിച്ചു ചേർത്ത ഗ്രന്ഥമാണ് സുഭാഷിതങ്ങൾ എന്നതിന് ഈ സമാഹാരങ്ങൾ തെളിവായി നിലകൊള്ളുന്നു. അതിനാൽ, രചനാകാലഘട്ടവും വ്യത്യസ്തമാണ് എന്നു പറയേണ്ടതില്ലല്ലോ. പല വ്യക്തികളുടെ സമാഹാരമെന്നു പറയുമ്പോൾ അതിനു മുമ്പു വാമൊഴിയായി പ്രചരിച്ചിരുന്നവയും വരമൊഴിയായി രേഖപ്പെടുത്തിയിരുന്നവയും സമാഹാരത്തിൽ ഉൾപ്പെടുത്തി എന്നതു വ്യക്തമാണ്. വിജ്ഞാനോക്തികളും പഴഞ്ചൊല്ലുകളും അതിപുരാതനകാലം മുതൽത്തന്നെ എല്ലാ സംസ്ക്കാരങ്ങളിലും ഉണ്ടായിരുന്നുവെന്നും, പല സംസ്ക്കാരങ്ങളുമായി ബന്ധപ്പെട്ടിരുന്ന ഇസ്രായേൽ ജനം ഇവയിൽ നിന്നൊക്കെ കടം കൊണ്ടിട്ടുണ്ടെന്നും മനസ്സിലാക്കാൻ നമുക്കു ബുദ്ധിമുട്ടില്ല. ബി. സി. ആയിരാമാണ്ടിൽ നിലവിലുണ്ടായിരുന്നതെന്നു കരുതപ്പെടുന്ന അമെൻ-എം-ഓപ്പെ എന്ന ഈജിപ്ഷ്യൻ കൃതിയുമായി ചില സമാഹാരങ്ങൾക്കുള്ള സാമ്യം നേരത്തെ സൂചിപ്പിട്ടുള്ളതാണ്. ഒരു പ്രത്യേക വ്യക്തിയുടെ രചനയല്ല, മറിച്ച് ഇസ്രായേലിനു സ്വന്തമായുള്ളതും ഒപ്പം ഇതര സംസ്ക്കാരങ്ങളിൽ നിന്നും ഗ്രന്ഥങ്ങളിൽ നിന്നുമൊക്കെ ശേഖരിച്ച് ക്രോഡീകരിച്ചവയാണ് ഇവ എന്നതിനാൽ ഓരോ സമാഹാരവും വ്യത്യസ്ത വിഷയങ്ങൾ ഉൾക്കൊള്ളുന്ന വിജ്ഞാനോക്തികൾ ഉൾക്കൊള്ളുന്നവയാണ്. ഇക്കാര്യങ്ങൾ അനുസ്മരിച്ചുകൊണ്ട് ഓരോ സമാഹാരത്തെയും പ്രത്യേകമായി വീക്ഷിക്കുകയാണ് നാം ചെയ്യുന്നത്.

### 1. ''സോളമന്റെ സുഭാഷിതങ്ങൾ' എന്ന പേരിലുള്ള രണ്ടാം സമാഹാരത്തിന്റെ അവസാനഭാഗം – 21:1–22:16

സോളമന്റെ സുഭാഷിതങ്ങൾ എന്ന ശീർഷകത്തിലുള്ള രണ്ടാം സമാഹാരത്തിന്റെ ഈ അവസാനഭാഗത്തെ രണ്ടു ഭാഗങ്ങളായി തിരിക്കാം.

ആദ്യഭാഗമായ ഇരുപത്തൊന്നാം അധ്യായത്തിൽ നീതിയുള്ളവരെക്കുറിച്ചും ദുഷ്ടരെക്കുറിച്ചുമുള്ള പ്രതിപാദ്യമാണ് പ്രധാനമായും കാണുന്നത്. കൃത്യമായ വിഷയക്രമീകരണമില്ലാതെ, ദുഷ്ടനെയും നീതിമാനെയും താരതമ്യപ്പെടുത്തി വിവിധ കാര്യങ്ങൾ അവതരിപ്പിക്കുകയാണ്. രാജാവ് കർത്താവിന്റെ പ്രീതിപാത്രവും കർത്താവിനാൽ നിയന്ത്രിക്കപ്പെടുന്നവനുമാണെന്നാണ് സുഭാഷിതകാരന്റെ സങ്കല്പം എന്ന് ആദ്യവാക്യം എന്നു പറയാം. രണ്ടാം വാക്യത്തിന് ഈ സമാഹാരത്തിലെ 16-ാമധ്യായത്തിലെ രണ്ടാം വാക്യവുമായുള്ള സാമ്യം ശ്രദ്ധേയമാണ്. നന്മയും നീതിയും അനുഷ്ഠിക്കാത്തവരുടെ ബലി സ്വീകാര്യമല്ല എന്നത് വിശുദ്ധ ഗ്രന്ഥവീക്ഷണം തന്നെയാണ്. ദുഷ്ടരെയും നീതിയുള്ളവരെയും കണ്ണ്, നാവ്, ഹൃദയം എന്നിങ്ങനെയുള്ള അവയങ്ങളിലൂടെ പ്രകടമാകുന്ന മനോ

ഭാവങ്ങളെയും ചായ്‌വുകളെയും താരതമ്യംചെയ്ത് അവതരിപ്പിക്കുന്ന താണ് ഈ അധ്യായത്തിലെ മുഴുവൻ വാക്യങ്ങളും എന്നു പറയാം. ബുദ്ധി, നിഷ്ക്കളങ്കത, സത്യസന്ധത, വിശ്വസ്തത എന്നിവയൊക്കെ നീതിമാന്റെ പ്രത്യേകതകളാകുമ്പോൾ, അഹങ്കാരം, കള്ളസാക്ഷ്യം തിടു ക്കം, പരിഭ്രാന്തി, പരാജയം, നാശം എന്നിവയൊക്കെ ദുഷ്ടന്റെ പ്രത്യേകളായി സുഭാഷിതകർത്താവു വീക്ഷിക്കുന്നു. ''...മടിയിൽ തിരുകി ക്കൊടുക്കുന്ന കൈക്കൂലി കടുത്ത രോഷത്തെ ഒഴിവാക്കുന്നു'' (21:14) എന്ന സുഭാഷിതം, അഭിലഷണീയമായ ഒരു പ്രവൃത്തിയായി കൈക്കൂലി കൊടുക്കുന്നതിനെ അവതരിപ്പിക്കുകയല്ല, മറിച്ച്, ദുഷ്ടരെ പ്രസാദിപ്പി ക്കാൻ അതു മതി എന്ന സത്യം അനുസ്മരിപ്പിക്കുകയാണ് എന്നു മനസ്സി ലാക്കുകയാണുത്തമം. എല്ലാ വിജയവും നൽകുന്നത് കർത്താവാണ് എന്നതിനാൽ കർത്താവിന്റെ വഴി തേടുക എന്നതാണ് ജ്ഞാനം.

ഇരുപത്തിരണ്ടാമധ്യായത്തിലെ 16 വാക്യങ്ങൾ ധനികരെയും ദരിദ്ര രെയും താരതമ്യപ്പെടുത്തുന്നു എന്നു പൊതുവെ പറയാമെങ്കിലും ദുശ്ചരി തയായ സ്ത്രീയുടെ പ്രത്യേകതയെക്കുറിച്ചും (വാ. 14) ശിശുവിന്റെ പക്വത യില്ലായ്മയെക്കുറിച്ചും (വാ. 6, 15) ഇവിടെ പരാമർശിക്കുന്നു. ദാരിദ്ര്യം അഭിലഷണീയമായി കരുതപ്പെടുന്നില്ലെങ്കിലും ദരിദ്രനോടുള്ള ദയ (വാ. 1, 9, 16) പ്രശംസിക്കപ്പെടുന്നുണ്ട്. ഈ ഭാഗത്തോടെ സുഭാഷിതഗ്രന്ഥത്തിലെ ഏറ്റവും ദൈർഘ്യമേറിയ സമാഹാരം അവസാനിക്കുന്നു.

**ജ്ഞാനികളുടെ ആപ്തവാക്യങ്ങൾ (22:17–24:22)**

സുഭാഷിതഗ്രന്ഥത്തിലെ മൂന്നാമത്തെ സമാഹാരമായ ഇതിൽ 22:20 -ൽ പറയുന്നതുപോലെ, മുപ്പതു സുഭാഷിതഗീതങ്ങളാണുള്ളത്. ഓരോ ഗീതവും രണ്ടോ മൂന്നോ വാക്യങ്ങൾ ഉൾക്കൊള്ളുന്നവയാണാ ഗീതങ്ങൾ. മൂന്നും നാലും സമാഹാരങ്ങൾക്ക് അമെൻ-എം-ഓപ്പെ എന്ന ഈജി പ്ഷ്യൻ കൃതിയായുള്ള സാമ്യം നേരത്തെ നാം സൂചിപ്പിച്ചതാണ്. ഈ സമാഹാരത്തിലെ പത്തോളം സുഭാഷിതഗീതങ്ങൾ ഈ മേൽപ്പറഞ്ഞ കൃതിയിൽനിന്നു കടം കൊണ്ടിട്ടുള്ളതാണെന്നു പണ്ഡിതർ അഭിപ്രായ പ്പെടുന്നു. അതുപോലെ തന്നെ, ഇരുപത്തിമൂന്നാമധ്യായത്തിലെ 13-14 വാക്യങ്ങൾ ഒരു മെസൊപ്പൊട്ടേമിയൻ ജ്ഞാനകൃതിയായ അഹിഖാറിന്റെ വചനങ്ങളിൽ നിന്നുള്ളതാണെന്നും പണ്ഡിതാഭിപ്രായമുണ്ട്.

ഇരുപത്തിരണ്ടാമധ്യായത്തിലെ തുടർന്നുള്ള വചനങ്ങൾ (22:17-29) ജ്ഞാനികളുടെ വാക്കുകൾ സശ്രദ്ധം കേൾക്കാനുള്ള ആഹ്വാനത്തോടെ ആരംഭിച്ചുകൊണ്ടു നൽകുന്ന ഉപദേശങ്ങളാണ്. ഈ ഉപദേശങ്ങൾ നൽകുന്നത് സ്വീകർത്താവ് കർത്താവിൽ വിശ്വാസം അർപ്പിക്കുക എന്ന

താണ് (വാ. 19) എന്ന പൊതു ലക്ഷ്യവും ഒപ്പം മുപ്പതു സൂക്തങ്ങൾ (അവ ഈജിപ്ഷ്യൻ രചനയെ സംബന്ധിച്ചാകാം, അല്ലെങ്കിൽ ഈ സമാഹാര ത്തിൽ മുപ്പതു സൂക്തങ്ങൾ ഉണ്ട് എന്ന സൂചനയുമാകാം) ഉചിതമായ ഉത്തരം നൽകാൻ തക്കവിധം സത്യവും ശരിയുമായ കാര്യങ്ങൾ ധരിപ്പി ക്കുന്നതിനാണെന്ന പ്രത്യേക ലക്ഷ്യവും (വാ. 21) ആമുഖമായി പറയുന്നു ണ്ട്. തുടർന്നുവരുന്ന ഉപദേശങ്ങൾ കർത്താവ് ദരിദ്രന്റെ പക്ഷത്തു ണ്ടെന്നും അവനെ പീഡിപ്പിക്കരുതെന്നും (വാ. 22-23), ദുഷ്ടനോട് സൗഹൃദം അരുതെന്നുമുള്ള ഉപദേശമാണ് (24-25). അതിർത്തിക്കല്ലു മാറ്ററുത് എന്നത് ഇസ്രായേലിനെ സംബന്ധിച്ചിടത്തോളം കർത്താവിന്റെ കർശനനിയമമാണ് (ഉദാ. നിയമാ 19:14; 27:19; സുഭാ 23:10).

മുപ്പത്തഞ്ചു വാക്യങ്ങളുള്ള 23-ാമധ്യായം പൊതുവെ സാമൂഹ്യനിയ മങ്ങളാണ് അവതരിപ്പിക്കുന്നത്. ഭക്ഷണവും വീഞ്ഞും കഴിക്കുന്നതിനെ ക്കുറിച്ചാണ് (വാ. 1-3, 6-8, 20-21, 30-35) പ്രധാനമായ ഉപദേശം. സമ്പത്തി നെക്കുറിച്ചും ശിക്ഷണം നല്കുന്നതിനെക്കുറിച്ചും, മാതാപിതാക്കളെ ബഹുമാനിക്കുന്നതിനെക്കുറിച്ചും മറ്റുമുള്ള ഉപദേശങ്ങൾ ഇതിനിടയിൽ നൽകുന്നു. ജ്ഞാനം നേടുന്നതിൽ ശിക്ഷണത്തിനുള്ള സ്ഥാനം സവിശേ ഷമായി ഉപദേശിക്കുന്നുണ്ടിവിടെ. 13-14 വാക്യങ്ങളടങ്ങുന്ന ഗീതം ശിക്ഷ ണത്തെ ജീവരക്ഷയുമായി ബന്ധിപ്പിക്കുന്നുണ്ട്. 15 മുതൽ 28 വരെ വാക്യങ്ങളിൽ കാണുക പിതാവ് അല്ലെങ്കിൽ ഗുരു മകന് അല്ലെങ്കിൽ ശിഷ്യനു നൽകുന്ന ഉപദേശരൂപത്തിലുള്ള സുഭാഷിതങ്ങളാണ്. അവ ഉള്ളടക്കത്തിലും ശൈലിയിലും ഒന്നാം സമാഹാരത്തെ അനുകരിക്കുന്നു വെന്നു പറയാം.

ഇരുപത്തിനാലാമധ്യായത്തിലെ 22 വാക്യങ്ങൾകൂടി ഈ മൂന്നാം സമാഹാരത്തിന്റെ ഭാഗമായുണ്ട്. ദുഷ്ടന്റെ ദൗർബല്യത്തെക്കുറിച്ചാണ് പ്രധാന പ്രതിപാദ്യം. വിവിധ വിശേഷണങ്ങളാൽ ദുഷ്ടനെയും ദുഷ്ടന്റെ ദൗർബല്യങ്ങളെയും ഇവിടെ വിശദമാക്കുന്നുണ്ട്. ദുഷ്ടനോട് അസൂയപ്പെടരുതെന്നുള്ള ആവർത്തനം (വാ. 1, 19) ദുഷ്ടനെ അനുകരി ക്കാതെ അകന്നു നിൽക്കാനുള്ള ഉപദേശമാണ്. എല്ലാ സമാഹാരങ്ങ ളിലും പൊതുവായി കാണുന്നതുപോലെ, ദുഷ്ടനും നീതിമാനും തമ്മി ലുള്ള വൈപരീത്യം ഈ ഭാഗത്തും വളരെ പ്രകടമായി അവതരിപ്പിക്കു ന്നു.

**ജ്ഞാനികളുടെ സൂക്തങ്ങളുടെ തുടർച്ച (24:23–34)**

സുഭാഷിതഗ്രന്ഥങ്ങളുടെ നാലാം സമാഹാരത്തിൽ 12 വാക്യങ്ങൾ മാത്രമാണുള്ളത്. ഇതിലെ ആദ്യവാക്യം 23-ന്റെ തുടക്കമായ ''ഇനി പറയുന്നവയും ജ്ഞാനികളുടെ സൂക്തങ്ങളാണ്'' എന്നത് ഈ സമാഹാരത്തിന്റെ ശീർഷകമാണ്. മൂന്നാം സമാഹാരം പോലെ തന്നെ ഇതും ഈജിപ്തിലെ പുരാതനകൃതിയായ അമെൻ-എം-ഓപ്പെയോട് ഏറെ ബന്ധമുള്ളതും ആഹ്വാനങ്ങളുടെയും മാർഗനിർദ്ദേശങ്ങളുടെയും ശൈലിയിലുള്ളതുമായ ജ്ഞാനസൂക്തങ്ങളാണ്. ന്യായവിധിയിൽ സത്യസന്ധത പാലിക്കുന്നതിനെക്കുറിച്ചും അലസത ഉപേക്ഷിക്കുന്നതിനെക്കുറിച്ചുമുള്ളതാണ് പ്രധാന ഉപദേശങ്ങൾ. ന്യായം വിധിക്കുന്നതിൽ പക്ഷപാതം പാടില്ല എന്നു പറഞ്ഞുകൊണ്ടാരംഭിക്കുന്ന ഈ ഭാഗത്ത് കുറ്റവാളികൾ ശിക്ഷയ്ക്കർഹരാണെന്നും അയൽക്കാരനെതിരെ അകാരണമായി സാക്ഷി നിൽക്കുകയോ പ്രതികാരം ചെയ്യുകയോ ചെയ്യരുതെന്നുള്ള ഉപദേശമാണ് ആദ്യം (23–26; 28–29). അലസതയുടെ ഫലം ദാരിദ്ര്യമാണ് എന്ന് തുടർന്നുള്ള ഭാഗത്ത് (വാ. 30–34) മുന്നറിയിപ്പു നൽകുന്നു. അലസതയെ ബുദ്ധിശൂന്യതയ്ക്കു സമാനമാണെന്നാണ് അലസന്റെ മുന്തിരിത്തോപ്പിന്റെയും വയലിന്റെയും വാങ്മയചിത്രം രചിച്ചുകൊണ്ട് ജ്ഞാനകർത്താവ് ഉപദേശിക്കുന്നു.

**5. 25:1–29:27 – യൂദാരാജാവായ ഹെസക്കിയായുടെ ആളുകൾ പകർത്തിവച്ച... സുഭാഷിതങ്ങൾ**

''യൂദയാരാജാവായ ഹെസക്കിയ രാജാവിന്റെ ആളുകൾ പകർത്തിവച്ച സോളമന്റെ സുഭാഷിതങ്ങളാണ് താഴെപ്പറയുന്നവയും'' എന്ന ആമുഖത്തോടെയാണ് ഈ സമാഹാരം തുടങ്ങുക. ബി.സി. 716–687 കാലഘട്ടത്തിൽ യൂദയായിലെ രാജാവായിരുന്ന ഹെസക്കിയ ''ദൈവമായ കർത്താവിന്റെ മുമ്പാകെ നന്മയും നീതിയും പ്രവർത്തിച്ച് അവൻ അവിടുത്തോടു വിശ്വസ്തത പുലർത്തി''യവനാണ് (2 ദിന 31:20). നാട്ടിൽ ദൈവവിശ്വാസവും ധാർമികതയും പ്രോത്സാഹിപ്പിക്കപ്പെട്ടിരുന്നത് ഇത്തരത്തിലുള്ള ജ്ഞാനോക്തികൾ പകർത്തിയെഴുതുന്നതിന് സാഹചര്യമൊരുക്കിയിരിക്കാം. ഈ സമാഹാരത്തിലുൾക്കൊണ്ടിരിക്കുന്ന ചൊല്ലുകളുടെ എണ്ണവും (128) ഹെസക്കിയാ രാജാവിന്റെ പേരിലുള്ള ഹീബ്രുഅക്ഷരങ്ങളുടെ സംഖ്യാമൂല്യവും (130) തമ്മിലുള്ള അടുപ്പം ഈ ശീർഷകത്തിന്റെ വാസ്തവികതയെ അനുകൂലിക്കുന്നുണ്ട്.

ധാർമികമായും മതപരമായും ഉള്ള നിർദേശോപദേശങ്ങളടങ്ങുന്ന അഞ്ചാം സമാഹാരം, സുഭാഷിതഗ്രന്ഥത്തിന്റെ അഞ്ച് അധ്യായങ്ങ

ളുൾക്കൊള്ളുന്നു. ഈ സമാഹാരത്തിലെ ഏതാനും ചൊല്ലുകൾക്ക് മെസൊപ്പോട്ടേമിയൻ ജ്ഞാനകൃതിയായ അഹിക്കാറിന്റെ വചനങ്ങളോട് കടപ്പാടുണ്ട് എന്നു പണ്ഡിതർ അഭിപ്രായപ്പെടുന്നു (ഉദാ. 25:15; 27:3-7).

രണ്ടു ഭാഗങ്ങൾ ഈ സമാഹാരത്തിൽ പ്രകടമാണ്. ആദ്യഭാഗമായ 25-27 അധ്യായങ്ങളിൽ പൊതുവെ രണ്ടുവരികളിലൊതുങ്ങുന്ന ഹ്രസ്വമായ സുഭാഷിതഗീതങ്ങളാണു കാണുക. ഒന്ന് മറ്റൊന്നിനു അനുപൂരകം എന്ന രീതിയിലുള്ള ആശയമാണ് ഇരുവരികളിലായി അവതരിപ്പിക്കുന്നതെന്നു പൊതുവെ പറയാം. 28-29 അധ്യായങ്ങളിൽ മിക്കവാറും വരികളിൽ ഒന്നു മറ്റൊന്നിനു വിപരീതം എന്ന രീതിയിലുള്ള ആശയക്രമീകരണമാണ് നടത്തിയിട്ടുള്ളത്.

ഇരുപത്തഞ്ചാം അധ്യായത്തിൽ രാജാവിനെപ്പറ്റിയുള്ള ചൊല്ലുകൾ, കോടതിവ്യവഹാരത്തെക്കുറിച്ചും ദാനധർമത്തെക്കുറിച്ചും സംസാരത്തെക്കുറിച്ചും ഒക്കെ ഉപദേശങ്ങൾ നൽകുന്ന ജ്ഞാനോക്തികളാണുള്ളത്. ''മൃദുലമായ നാവിന് കടുത്ത അസ്ഥിയെപ്പോലും ഉടയ്ക്കാനുള്ള കഴിവുണ്ട്'' (25:15) എന്നത് അതിശയോക്തിപരമായി തോന്നാമെങ്കിലും മൃദുലമായ നാവ് ശാന്തസ്വഭാവിയെയും കടുപ്പമുള്ള അസ്ഥി ക്രൂരസ്വഭാവിയെയും പ്രതിനിധീകരിക്കുന്നു എന്നു മനസ്സിലാക്കിയാൽ ശാന്തസ്വഭാവി ക്രൂരസ്വഭാവിയുടെ മേൽ വിജയിക്കുമെന്ന സത്യത്തെ ആലങ്കാരികമായി വെളിപ്പെടുത്തുന്ന ഒരു ജ്ഞാനോക്തിയായി ഇതിനെ കാണാനാകും. നാവ്, അസ്ഥി എന്നിവയെപ്പോലെ ''പല്ല്'', ''കാല്'' എന്നീ അവയവങ്ങള് 19-ാം വാക്യത്തിൽ ഉപയോഗിക്കുന്നുണ്ട്. 20-ാം വാക്യം പി.ഒ.സി. ബൈബിളിൽ നിന്നു വ്യത്യസ്തമായ വിവർത്തനമാണ് NRSV ബൈബിളിൽ കാണുക. ഹീബ്രുമൂലം ന്യൂനതയുള്ളതിനാൽ ഗ്രീക്കു സപ്തതിയുടെ സഹായത്തോടെ പരിഷ്ക്കരിച്ച പാഠമാണ് NRSV നൽകിയിരിക്കുന്നത്. ''ശത്രുവിനു വിശക്കുമ്പോൾ... പശ്ചാത്താപത്തിന്റെ തീക്കനൽ കൂട്ടും'' എന്ന 21-22 വാക്യങ്ങൾ പുതിയനിയമത്തിൽ പൗലോസ്ശ്ലീഹാ ആവർത്തിക്കുന്നുണ്ട് (റോമ 12:20).

ഇരുപത്താറാം അധ്യായം ഭോഷന്റെ അഥവാ അലസന്റെ പ്രത്യേകതകളെ എടുത്തുപറഞ്ഞുകൊണ്ട്, വിവേകിയായിരിക്കുവാനുള്ള ഉപദേശമാണ് വായനക്കാർക്കു നൽകുന്നത്. അലസത ഒരുവനു വരുത്തുന്ന ദുരന്തത്തെക്കുറിച്ചുള്ള ജ്ഞാനസൂക്തങ്ങൾ സുഭാഷിതഗ്രന്ഥത്തിന്റെ സവിശേഷതയാണ് (ഉദാ 6:6-11). തങ്ങളുടെ വചനങ്ങളുടെയും പ്രവൃത്തികളുടെയും മ്ലേച്ഛത മനസ്സിലാക്കാൻ പോലും അവർക്കാവുന്നില്ല (26:11) എന്നത് ദയനീയമാണ് (2 പത്രോ 2:22). അവരുടെ മനോഭാവത്തെയും പ്രവൃത്തി

യെയും ചിരപരിചിതമായ പ്രവൃത്തികളോടു മനോഹരമായി ഉപമിച്ചു കൊണ്ട് വായനക്കാരുടെ ഭാവനയെയും ചിന്തയെയും പോഷിപ്പിച്ചു ഓർമ യിൽ സൂക്ഷിക്കുന്നതിന് എളുപ്പമാക്കിത്തീർത്തിരിക്കുന്നു എന്നത് ശ്രദ്ധേ യമാണ്.

ഇരുപത്തേഴാം അധ്യായം അഹങ്കാരത്തിൽനിന്നും ആത്മപ്രശംസ യിൽ നിന്നും ഒഴിഞ്ഞിരിക്കാനുള്ള വിവേകത്തെ ഉപദേശിക്കുന്നു. നമ്മെ പ്രശംസിക്കേണ്ടത് അന്യരാണ്. യഥാർഥസ്നേഹിതരെ വിവേകത്തോടെ തിരിച്ചറിയുക (വാ. 5–6; 10–), ആപത്തുകണ്ട് ഒഴിഞ്ഞുമാറുക എന്നിങ്ങനെ അനുദിനജീവിത്തിൽ ദൈവവിശ്വാസിയായ ഒരുവൻ ജീവിതവിജയം കൈവരിക്കേണ്ടതിനാവശ്യമായ അനേകം ഉപദേശങ്ങൾ ഈ അധ്യായ ത്തിൽ നൽകപ്പെടുന്നു.

28–29 അധ്യായങ്ങളിൽ മിക്കവാറും വരികളിൽ ഒന്നു മറ്റൊന്നിനു വിപരീതം എന്ന രീതിയിലുള്ള ആശയക്രമീകരണമാണ് നടത്തിയിട്ടുള്ളത് എന്നത് ഈ സമാഹാരത്തിന്റെ ആദ്യഭാഗത്തുനിന്ന് ഈ ഭാഗ ത്തെ വ്യത്യ സ്തമാക്കുന്നുണ്ട്. നീതിമാനെയും ദുഷ്ടനെയും താരതമ്യം ചെയ്തുകൊ ണ്ടുള്ള സുഭാഷിതഗ്രന്ഥരീതിതന്നെയാണ് ഇവിടെയും കാണുക. 'പിതാവ്', 'പുത്രൻ', 'നിയമം', 'ഉൾക്കാഴ്ച' എന്നീ ജ്ഞാനസാഹിത്യപദ ങ്ങൾ (28:7) വിജ്ഞാനം പകർന്നുനൽകുക എന്ന സുഭാഷിതഗ്രന്ഥ ത്തിന്റെ ലക്ഷ്യം വ്യക്തമാക്കുന്നുണ്ട് (1:8–9). നീതിമാന്റെ വിജയത്തെക്കു റിച്ച് 28:12, 28:28, 29:2 എന്നീ വാക്യങ്ങൾ സമാനാശയമാണു നൽകുക. നീതിമാന്റെയും ദുഷ്ടന്റെയും വൈപരീത്യം അവതരിപ്പിച്ചുകൊണ്ടുതന്നെ യാണ് ഓരോ പാദത്തിലും ഒരേ ആശയം വിപരീതരീതിയിൽ അവതരിപ്പി ക്കുന്ന ഈ സമാഹാരം സമാപിക്കുന്നത്.

**6. 30:1–34 –മാസ്സായിലെ യാക്കേയുടെ മകനായ ആഗൂറിന്റെ വാക്കുകൾ**

പതിവുപോലെ ഒരു ശീർഷകത്തോടുകൂടിയാണ് ഈ സമാഹാരവും ആരംഭിക്കുന്നത്: ''മാസ്സായിലെ യാ ക്കേയുടെ മകനായ ആഗൂറിന്റെ വാക്കുകൾ''. മാസ്സാ എന്നത് സ്ഥലനാമമാണെന്നു കരുതപ്പെടുന്നു. യാക്കേ എന്ന പേരു ബൈബിളിൽ മറ്റൊരിടത്തും കാണപ്പെടുന്നില്ല എന്ന തിനാൽ അത് ആരാണെന്നറിയില്ല. ആഗൂറിനെക്കുറിച്ചും പണ്ഡിത ന്മാർക്ക് കാര്യമായ വിശദീകരണം നൽകാനില്ല എന്നതാണു വാസ്തവം.

ഇതിൽ 15–31 വാക്യങ്ങളിൽ കാണുന്ന ആറു സംഖ്യാഗണിത സുഭാഷിത ങ്ങൾ ശ്രദ്ധേയമാണ്: ''കന്നട്ടയ്ക്കു രണ്ടു പുത്രിമാരുണ്ട്...'' എന്നാരംഭിച്ച്, ''നാലു കൂട്ടർക്ക് നടത്തത്തിൽ ഗാംഭീര്യമുണ്ട്...'' എന്നവസാനിക്കുന്ന ഈ

സംഖ്യാഗണിത സുഭാഷിതങ്ങൾ പൊതുവെ അത്യാഗ്രഹത്തെക്കുറിച്ചും ജ്ഞാനവഴിയെക്കുറിച്ചും ചെറിയ ജീവികളിൽ കാണുന്ന സ്വാഭാവികബുദ്ധിയെക്കുറിച്ചും പരാമർശിക്കുന്നു. 7-9 വാക്യങ്ങളും 11-14 വാക്യങ്ങളും ഈ ഗണത്തിൽ ചേർക്കാവുന്ന സംഖ്യാഗണിത സുഭാഷിതങ്ങൾ തന്നെ. ''രണ്ടു കാര്യങ്ങൾ ഞാനങ്ങയോട് അപേക്ഷിക്കുന്നു...'' എന്നു തുടങ്ങുന്ന 7-9 വാക്യങ്ങളുൾക്കൊള്ളുന്ന സംഖ്യാഗണിതഗീതം സുഭാഷിതഗ്രന്ഥത്തിലെ പ്രാർഥനയുടെ രൂപത്തിലുള്ള ഏക പ്രബോധനമാണ്.

**7. 31:1-31 -മാസ്സാരാജാവായ ലെമുവേലിന്റെ സൂക്തങ്ങൾ**

മാസ്സാരാജാവായ ലെമുവേലിന്റെ സൂക്തങ്ങൾ എന്ന പ്രത്യേക ശീർഷകത്തോടുകൂടി ആരംഭിക്കുന്നതിനാൽ 31-ാമധ്യായവും സുഭാഷിതഗ്രന്ഥത്തിലെ ഒരു സമാഹാരമായിട്ടാണു കണക്കാക്കപ്പെടുന്നത്. എന്നാൽ 9 വരെയുള്ള വാക്യങ്ങളാണ് ഈ ശീർഷകത്തിന്റെതായിട്ടുള്ള ചെറു സമാഹാരം എന്നും, 10-31 വാക്യങ്ങളിൽ കാണുന്ന അക്ഷരമാലാക്രമത്തിലുള്ള ഗീതം സമാപനസംയോജകൻ കൂട്ടിച്ചേർത്തതാണ് എന്നും പൊതുവെ പണ്ഡിതർ കരുതുന്നു. അതിനാൽ ഇവയെ രണ്ടു ഭാഗങ്ങളായി കാണാവുന്നതാണ്.

ലെമുവേൽ എന്നത് രാജാവിന്റെയും മാസ്സാ എന്നത് മുൻസമാഹാരത്തിലെന്നപോലെ സ്ഥലത്തിന്റെയും പേരായി കരുതപ്പെടുന്നു. അമ്മ എന്നത് രാജമാതാവ് എന്നോ ജ്ഞാനമാതാവ് എന്നോ കണക്കാക്കുന്നതിൽ തെറ്റില്ല. 2-9 വാക്യങ്ങൾ രാജമാതാവ് രാജ്യം ഭരിക്കുന്ന മകനു നൽകുന്ന ഉപദേശരൂപേണയുള്ള സൂക്തങ്ങളാണ്.

10-31 വാക്യങ്ങളുൾക്കൊള്ളുന്ന ഭാഗം ഉത്തമ സ്ത്രീരത്നത്തെക്കുറിച്ചു സംസാരിക്കുന്നു. ഭർത്താവിനോ മക്കൾക്കോ യാതൊരു കർത്തവ്യവും നിർവഹിക്കുവാനില്ലാത്തവണ്ണം എല്ലാ ഉത്തരവാദിത്വങ്ങളും പൂർണതയോടെ നിർവഹിക്കുന്നവൾ, സുഭാഷിതഗ്രന്ഥത്തിന് ഉചിതമായ സമാപനമെന്ന രീതിയിൽ ജ്ഞാനമഹിളയെ അവതരിപ്പിക്കുന്നതാണ് എന്നു പറയാം. ''ദൈവഭക്തി അറിവിന്റെ ഉറവിടം'' (1:7) എന്നു പ്രഖ്യാപിച്ചുകൊണ്ട് സമാരംഭിച്ച സുഭാഷിതഗ്രന്ഥത്തിന്റെ സമാപനവും ''ദൈവഭക്തിയുള്ള സ്ത്രീ പ്രശംസയർഹിക്കുന്നു'' (31:30) എന്ന പ്രസ്താവന കൊണ്ടായിരിക്കുന്നു എന്നത് സവിശേഷ ശ്രദ്ധയർഹിക്കുന്നു. അപ്രകാരം ദൈവഭയം കേന്ദ്രപ്രമേയമാക്കിയുള്ള ഈ സുഭാഷിതഗ്രന്ഥം ഏഴു സമാഹാരങ്ങളായി വ്യക്തിപരവും സാമൂഹികവും വിശ്വാസസംബന്ധിയുമായ സകല മേഖലകളെയും സ്പർശിക്കുന്ന ജ്ഞാനസൂക്തങ്ങളായി, ദൈവനിവേശിതഗ്രന്ഥമായി നൂറ്റാണ്ടുകളിലൂടെ ദൈവജനത്തിനു മാർഗദർശനം നൽകിക്കൊണ്ടിരിക്കുന്നു.

Dr. Sr. Therese SABS, Rome